ഉത്തരം

(എ) തിരുവനന്തപുരത്ത് മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) ആഭിമുഖ്യത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സാങ്കേതിക സർവ്വകലാശാല 2016-17 അദ്ധ്യയന വർഷത്തിലേക്ക് പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതാണ്.

മുട്ടത്തറയിലെ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

180 (547) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന് എന്നാണ് മുഖ്യമന്ത്രി തറക്കല്ലിട്ടതെന്നും പ്രസ്തുത കോളേജിൽ എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കുമെന്നാണ് പ്രസ്തുത ചടങ്ങിൽ പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

എഞ്ചിനീയറിംഗ് കോളേജിന് 4-12-2013-ലാണ് തറക്കല്ലിട്ടത്. ക്ലാസ്സുകൾ എന്നാരംഭിക്കുമെന്ന് പ്രഖ്യാപിച്ചതായി അറിയില്ല.

പൊതുവിപണിയിലെ വിലക്കയറ്റം

181 (548) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രസ്തുത നടപടികളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ടോ ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയാതെപോയ സാഹചര്യം വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly